**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2552** **13-09-2023 - ൽ മറുപടിയ്ക്ക്**

**പുതിയ മദ്യനയത്തിലൂടെ നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഠനവും നടത്താതെ രൂപം കൊടുത്ത പുതിയ മദ്യനയത്തിലൂടെ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) | മദ്യവർജ്ജനത്തിലൂന്നിയ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ മാത്രമെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തി കുറച്ചുകൊണ്ടു വരുന്നതിന് സാധിക്കുകയുള്ളൂയെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ടും, വിവിധ പഠനങ്ങളുടെയും ബന്ധപ്പെട്ട എല്ലാവരുമായും നടത്തിയ ചർച്ചകളുടെയും അടിസ്ഥാനത്തിലും, മുൻ വർഷങ്ങളിൽ ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മദ്യനയത്തിന്റെ തുടർച്ചയായാണ് 2023-24 വർഷത്തെ മദ്യനയം പ്രഖ്യാപിച്ചിട്ടുള്ളത്. |
| (ബി) | മദ്യവർജനമാണ് ലക്ഷ്യമെന്നിരിക്കെ മദ്യവിപണനത്തിനുള്ള സാധ്യതകൾ തുറന്നിടുന്ന പുതിയ മദ്യനയം പുനഃപരിശോധിക്കുമോ; വ്യക്തമാക്കുമോ; | (ബി) | പുതിയ മദ്യനയം മദ്യവിപണനത്തിനുള്ള സാധ്യതകൾ തുറന്നിടുന്നില്ല. പരമ്പരാഗത വ്യവസായമായ കള്ളുചെത്ത് മേഖലയുടെയും ടൂറിസം മേഖലയുടെയും ഉന്നമനത്തിന് ആവശ്യമായ തീരുമാനങ്ങൾ 2023-24 വർഷത്തെ മദ്യനയത്തിലൂടെ കൈക്കൊണ്ടിട്ടുണ്ട്. ടി തീരുമാനങ്ങൾ വ്യാജമദ്യത്തിന്റെയും മയക്കമരുന്നിന്റെയും വ്യാപനം കുറയ്ക്കുന്നതിനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകരമാണ്. കൂടാതെ വൃത്തിയും വെടിപ്പുമുള്ള അന്തരീക്ഷത്തിൽ കള്ള് ഉപയോഗിക്കുന്നതിനും, വിദേശമദ്യം വാങ്ങുന്നതിനായി ദീർഘനേരം ക്യൂ നിൽക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനും പുതിയ മദ്യനയം സഹായകരമാണ്. |
| (സി) | ലഹരി മുക്തിക്കുപകരം എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുവാനും രാസമരുന്നുകളുടെ വ്യാപനം നിയന്ത്രിക്കുവാനും ഉള്ള മാർഗ്ഗങ്ങൾ പുതിയ നയത്തിൽ കൊണ്ട് വരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കു പുറമെ ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടത്തി വരുന്നുണ്ട്. 2023-24 വർഷത്തെ മദ്യനയത്തിൽ വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ തീരുമാനിച്ചതിനോടൊപ്പം |

| | | | |
|---|---|---|---|
| | | | തന്നെ ശക്തമായ എൻഫോഴ്‌സ്മെന്റ് പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ